**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1452** **08-12-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ .ഡി .പ്രസേനൻ ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | വിദ്യാഭ്യാസ അവസരത്തിലും സൗകര്യത്തിലും ഗുണ നിലവാരത്തിലും ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനമായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ തെരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു; വിശദാംശം നൽകാമോ; | (എ) | വിദ്യാഭ്യാസ അവസരത്തിലും സൗകര്യത്തിലും ഗുണനിലവാരത്തിലും ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനമായി കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയം കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. ഓരോ സ്റ്റാൻഡേർഡിലും കുട്ടികൾ ആർജ്ജിയ്ക്കേണ്ട പഠന നേട്ടങ്ങൾ, വിദ്യാലയ പ്രവേശനത്തിന്റെ നിരക്ക്,<br><br>അടിസ്ഥാന സൗകര്യങ്ങൾ, തുല്യനീതിയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം, സ്കൂൾ ഭരണനിർവഹണ പ്രക്രിയ, എന്നിവയാണ് തെരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ. |
| (ബി) | പെർഫോമൻസ് ഗ്രേഡ് ഇൻഡക്സ് (പി.ജി.ഐ.) റിപ്പോർട്ടിൽ കേരളം ഒന്നാമതായി വന്നതിന് അടിസ്ഥാനമായി എന്തെല്ലാം പ്രത്യേക നടപടികളാണ് സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കി വരുന്നത്; വ്യക്തമാക്കാമോ? | (ബി) | പെർഫോമൻസ് ഗ്രേഡ് ഇൻഡക്സ് (പി.ജി.ഐ.) റിപ്പോർട്ടിൽ കേരളം ഒന്നാമതായി വന്നതിന് അടിസ്ഥാനമായി നിരവധി നടപടികൾ സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. പഠന നേട്ടങ്ങൾ ആർജ്ജിക്കുന്നതിന് കുട്ടികൾക്ക് വേണ്ട പിന്തുണ ലഭ്യമാകുന്ന പാഠ്യപദ്ധതി വിനിമയ പ്രവർത്തനങ്ങൾ.<br><br>2. എല്ലാ കുട്ടികളേയും ഉദ്ദേശിക്കുന്ന നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് വേണ്ടപഠനപോഷണ പരിപാടികൾ.<br><br>3. സാർവ്വത്രിക വിദ്യാലയ പ്രവേശനം ഉറപ്പാക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായിട്ടുള്ള പ്രവർത്തനങ്ങൾ.<br><br>4. സ്കൂളുകൾ ഹൈടെക് ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | 5. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി വിവിധ ഏജൻസികളുടെ സഹായത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ<br><br>6. ഭിന്നശേഷി, പിന്നാക്ക വിഭാഗം, പെൺകുട്ടികൾ ട്രൈബൽ മേഖലയിലെ കുട്ടികൾ, അതിഥി തൊഴിലാളികളുടെ മക്കൾ തുടങ്ങി പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്താനുള്ള സവിശേഷ പരിപാടികൾ.<br><br>7.സ്കൂൾ ഭരണം മെച്ചപ്പെട്ടതാക്കുന്നതിന് സ്കൂൾ മേധാവികൾക്കുള്ള പരിശീലനപരിപാടികൾ. |

സെക്ഷൻ ഓഫീസർ